## 550

യേശുയെൻ തുണയല്ലോ എൻജീവിതയാത്രയിൽ സഖിയല്ലോ
വന്ദിതൻ വല്ലഭൻ യേശു നല്ലവൻ ആരിലും ഉന്നതാധിപൻ

1 ചെങ്കടൽ പിളർന്നു വഴിയൊരുക്കും തൻകരത്താലെന്നെ നടത്തും
സങ്കടങ്ങൾ ചഞ്ചലങ്ങൾ സകലവും അകറ്റിടും താൻ-

2 പകലിൻ വെയിലിൽ തണലൊരുക്കും അല്ലിലവൻ ഒളിവിതറും
മാറയെ നൽ മധുരമാക്കും മൃതിവരെ കരുതിടും താൻ

3 കഠിന വിഷമം വരുമളവിൽ കാത്തുകൊള്ളും കർത്തൻ ഭദ്രമായ്
കാലമെല്ലാം അഭയമവൻ കലങ്ങുകില്ലൊരിക്കലും ഞാൻ-

4 മരണനിഴലാം യോർദ്ദാൻ കടന്നു സ്വർഗ്ഗസീയോൻ നാട്ടിലെത്തുമ്പോൾ
തൻകൃപയിൻ കരുതലുകൾ അറിഞ്ഞു ഞാനതിശയിക്കും- **G.P.**